(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പുതുതായി പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ആഭ്യന്തര വകുപ്പിന്റെ പക്കൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ വെഹിക്കിൾ ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 9639/E/Home/2015 ഫയലിൽ പി.എച്ച്.കു.-വിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എത്രയും വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആസ്തി വികസന ഫണ്ട് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പി.എച്ച്.കു. റിപ്പോർട്ട് ആവശ്യമായിട്ടുണ്ടോ?

ഉത്തരം

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് ഒരു പഠനം നടത്തി വരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) ലഭിച്ചിട്ടില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽപ്പെട്ട മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷന്റെ നവീകരണം സംബന്ധിച്ച പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് പര്യാപ്തമാണോയെന്ന് അറിയിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പുതലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ക്രിമിനൽക്കേസുകൾ

222 (228) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര ക്രിമിനൽക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവനഭേദനം, ദേവാലയ കവർച്ച എന്നീ ഇനങ്ങളിൽ ഓരോന്നിലും എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) ഇതിൽ ഓരോ വിഭാഗത്തിലും അന്വേഷണം പൂർത്തിയാക്കി പ്രതികൾ ശിക്ഷിക്കപ്പെട്ടത് എത്രയെണ്ണമുണ്ട് എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ 22,03,451 (Total FIR) ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

കൊള്ളപ്പലിശക്കാർക്കെതിരെ നടപടി

223 (229) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യനാട് പഞ്ചായത്തിലെ ഈഞ്ചപ്പുരി പഴവുണ്ണി ആറ്റിൻപുറം സ്വദേശിനി വീണ കൊള്ളപ്പലിശക്കാരൻ കിടപ്പാടം തട്ടിയെടുത്തതിൽ മനംനൊന്ത് ആത്മഹത്യക്ക് ശ്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കിടപ്പാടം തട്ടിയെടുക്കാൻ ശ്രമിച്ചയാളിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

2014-ലെ റോഡപകടങ്ങൾ

224 (230) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ എത്ര റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ മരിച്ചവരെത്ര; പരിക്കേറ്റവർ എത്ര; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2014-ൽ 36282 റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മരിച്ചവർ -4049, പരിക്കേറ്റവർ - 41096. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly